ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിലെ സുഫ്രണ്ടിംഗ് എഞ്ചിനീയർ ഇറിഗേഷൻ പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയറുമായി ചേർന്ന് 19-4-2004-ൽ സംയുക്ത സ്ഥലപരിശോധനയും ചർച്ചകളും നടത്തിയിരുന്നു. അതനുസരിച്ച് വടക്കാഞ്ചേരി പുഴയിലേക്കുള്ള ഓപ്പൺ ചാനലിന്റെ അഗ്രത്ത് ഇൻടേക്ക് വെല്ലിനുവേണ്ടിയുള്ള സ്ഥലം നിർണ്ണയിച്ചിട്ടുണ്ട്. അതനുസരിച്ച് ആവശ്യമായ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രേഖാമൂലമായ അറിയിപ്പുകൾ ഒന്നും ഇക്കാര്യത്തിൽ ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ സുജൽധാര പദ്ധതി

50 [1640] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുജൽധാര പദ്ധതിയിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ എത്ര ഗ്രാമപഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയത്; അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ സുജൽധാര പദ്ധതി മുഖേന ഉൾപ്പെടുത്തിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാം;

(സി) ഇവയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സുജൽധാര പദ്ധതിയിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിനെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

(ബി ആന്റ് സി) പഴുമാട്ട വാർഡ് 10-ലേക്കുള്ള കുടിവെള്ള പദ്ധതി, വാകത്തുപുരം വാർഡ് 11-ലേക്കുള്ള കുടിവെള്ള പദ്ധതി, എലമ്പുലാശ്ശേരി വാർഡ് 8-ലേക്കുള്ള കുടിവെള്ള പദ്ധതി, തൂവച്ചേരിക്കുന്ന് വാർഡ് 4-ലേക്കുള്ള കുടിവെള്ള പദ്ധതി എന്നിവയ്ക്ക് ഉപഭോക്തൃസമിതികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ ജില്ലാതല വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന്റെ പരിഗണനയിലാണ്.

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ അംഗീകരിച്ച് നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly